പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 96 — 14 /06/2012 ൽ മറുപടിക്ക്

## റേഷൻ മണ്ണെണ്ണയുടെ ലഭ്യതയും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അജിത് :<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ വിജയൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി കാർഡുടമകൾക്ക് മണ്ണെണ്ണ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ ഓരോ കാർഡിനും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ്; | ഉണ്ട്.<br><br>2012 മേയ് മാസം മുതൽ, വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് 1 ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും മണ്ണെണ്ണ വിതരണം നടത്തുന്നുണ്ട്. |
| ബി) റേഷൻ മണ്ണെണ്ണയ്ക്കും പൊതു കമ്പോളത്തിൽ വിൽക്കുന്ന മണ്ണെണ്ണയ്ക്കും ലിറ്ററിന് ഈടാക്കുന്ന വിലയെത്രയാണ്. | റേഷൻ മണ്ണെണ്ണയുടെ വില ലിറ്ററിന് 14.50 രൂപ മുതൽ 15.00 രൂപ വരെയാണ്. കമ്പോളത്തിൽ വിൽക്കാനുള്ള നോൺ-പി.ഡി.എസ്. മണ്ണെണ്ണയുടെ വില ഓയിൽ കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചതു പ്രകാരം, നികുതി ഉൾപ്പെടെ ലിറ്ററിന് 61.76 രൂപയാണ് (കൊച്ചിയിലെ വില) |
| സി) റേഷൻ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ : വിശദമാക്കുമോ ; | നിലവിൽ,കേന്ദ്ര സർക്കാർ സബ്സിഡി നൽകിയാണ് റേഷൻ മണ്ണെണ്ണ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. എങ്കിലും സബ്സിഡി നൽകി വിതരണം ചെയ്യുന്ന മണ്ണെണ്ണ അർഹരായവർക്ക് മാത്രമാണ് ലഭ്യമാകുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി സബ്സിഡി പണമായി ഉപഭോക്താക്കൾക്കു നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | റേഷൻ മണ്ണെണ്ണ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; | ഡി) | കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന പി.ഡി.എസ് മണ്ണെണ്ണ പാചകത്തിനും വിളക്ക് തെളിയിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനം മൂലമാണ് പി.ഡി.എസ് മണ്ണെണ്ണ വകമാറ്റി മത്സ്യബന്ധനത്തിനും കാർഷികാവശ്യങ്ങൾക്കും സ്ഥാപനങ്ങൾക്കും അനുവദിക്കുന്നത്. |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പ്രാവശ്യം മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011 ജൂൺ, 2011 ജൂലൈ, 2012 ഏപ്രിൽ എന്നീ മാസങ്ങളിലായി 3 തവണ മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ